# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ.T.V. IAS)

ഉത്തരവ് നം. F3/27185/16 തീയതി: 3..3..2017

========================= ====================

വിഷയം :സാമൂഹ്യനീതി വകുപ്പ് - വനിതാഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - 2016-17 വർഷത്തേക്ക് ആവശ്യമായ തുക (രണ്ടാം ഘട്ടം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :1)ഈ ഓഫീസിലെ 28..1..2017 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.
:2)ഈ ഓഫീസിലെ 10..2..2017 തീയതിയിലെ മേൽ നമ്പർ കത്ത്.
:3)തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നൽകിയ അപേക്ഷകൾ.

വനിതാ ഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ പ്രകാരം പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 14 ജില്ലകളിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി 2,06,45,500/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ രണ്ടാം ഘട്ടത്തിൽ ലഭ്യമായതും അർഹതയുള്ളതുമായ അപേക്ഷകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ ഫണ്ട് അനുവദിച്ച് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കാറ്റഗറി -1 ( @ 300 pm) (5 വയസിന് താഴെയും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് | | കാറ്റഗറി -II ( @ 500 pm) (6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് | | കാറ്റഗറി -III ( @ 750 pm) (+1, +2 തുടങ്ങിയ ക്ലാസ്സുകളിലെ കുട്ടികൾക്ക്) | | കാറ്റഗറി -IV ( @ 1000 pm) (ഡിഗ്രിയും അതിന് മുകളിലും) | | ആകെ വേണ്ടുന്ന തുക ₹ |
|---|---|---|---|---|---|---|---|---|---|---|
| | | കുട്ടികളുടെ എണ്ണം | ആവശ്യമായ തുക | കുട്ടികളുടെ എണ്ണം | ആവശ്യമായ തുക | കുട്ടികളുടെ എണ്ണം | ആവശ്യമായ തുക | കുട്ടികളുടെ എണ്ണം | ആവശ്യമായ തുക | |
| 1 | തിരുവനന്തപുരം | 10 | 30000 | 16 | 80000 | 10 | 75000 | 1 | 10000 | 195000 |
| 2 | പത്തനംതിട്ട | 0 | 0 | 1 | 5000 | 1 | 7500 | 2 | 20000 | 32500 |
| 3 | ഇടുക്കി | 1 | 3000 | 0 | 0 | 0 | 0 | 0 | 0 | 3000 |
| 4 | തൃശ്ശൂർ | 0 | 0 | 0 | 0 | 1 | 2500 (5000 രൂപ മുമ്പ് അനുവദിച്ചിരുന്നു) | 0 | 0 | 2500 |
| 5 | മലപ്പുറം | 6 | 18000 | 16 | 80000 | 0 | 0 | 0 | 0 | 98000 |
| | **ആകെ** | **17** | **51000** | **33** | **165000** | **12** | **85000** | **3** | **30000** | **331000** |

മേൽ പ്രകാരമുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നാല് കാറ്റഗറികളിലായി 65 പേർക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി 3,31,000/- രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം) ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ച്കൊണ്ട് ഉത്തരവാകുന്നു. ഇതിലേയ്ക്കായി വേണ്ടിവരുന്ന 3,31,000/- രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-92 Plan ശീർഷകത്തിൽ നിന്നും വഹിയാക്കാവുന്നതാണ്.

മേൽ പ്രകാരം അനുവദിക്കുന്ന തുക ഗുണഭോക്താക്കൾക്ക് അപേക്ഷാ ഫോറത്തിൽ ലഭ്യമാക്കിയിട്ടുള്ള അക്കൗണ്ട് നമ്പരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് കൊടുക്കേണ്ടതും തുക യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുണ്ടെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

ആദ്യഘട്ടത്തിൽ അനുവദിച്ചിരുന്ന തുകയിൽ, ഇപ്പോൾ അപേക്ഷ പ്രകാരം അനുവദിച്ചിട്ടുള്ള തുക ഉൾപ്പെട്ടിട്ടില്ലെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്. ധനസഹായത്തിന് വേണ്ടി ലഭ്യമായ അപേക്ഷകൾ സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. ആഡിറ്റിന് [redacted] വിധേയമാക്കേണ്ടതുമാണ്. തെറ്റായ രീതിയിൽ തുക നൽകുകയോ, അപേക്ഷ സൂക്ഷിക്കാതെ തുക അനുവദിക്കുകയോ ചെയ്താൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് മാത്രം ആയിരിക്കും. തുക അനുവദിച്ച ശേഷം, വിനിയോഗ സർട്ടിഫിക്കറ്റ് കൃത്യമായി അയച്ചു തരേണ്ടതാണ്.

ഒപ്പ്
**സാമൂഹ്യനീതി ഡയറക്ടർ**

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ
തിരുവനന്തപുരം/പത്തനംതിട്ട/ഇടുക്കി/തൃശ്ശൂർ/മലപ്പുറം

**പകർപ്പ്:**

1. സൂപ്രണ്ട്, എ സെക്ഷൻ (സ്റ്റേറ്റ്മെന്റ് പ്രകാരം അലോട്ട്മെന്റ് നൽകുന്നതിന്)
2. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
3. അസി. ഡയറക്ടർ / അഡീഷണൽ ഡയറക്ടർ
4. സ്റ്റോക്ക് ഫയൽ / സ്പെയർ
5. ഡയറക്ടറുടെ സി.എ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്